# AKKR HSS FOR GIRLS
# CHELANNUR

# മഴവില്ല്

little KITEs

## പ്രധാനധ്യാപിക



ഇ.ആർ ബീന

## പി.ടിഎ പ്രസിഡണ്ട്



ദിനേശൻ പി.

# ലിറ്റിൽ കൈറ്റ് മാസ്റ്റേർസ്



ശ്രീജിത്ത് സി.കെ



രമ്യ ടി.കെ



# ലിറ്റിൽ കൈറ്റ് അംഗങ്ങൾ

# ടൈപ്പിംഗ്



ഫാത്തിമഷഹാന



നിയഫാത്തിമ

# ഡിസൈനിംഗ്



അനഘ



അഞ്ജന

# ആമുഖം

2017-18 വർഷത്തിൽ ലിറ്റിൽ കൈറ്റ് എന്ന പുതിയ കുട്ടികളുടെ ഐട്ടി കൂട്ടായ്മ സർക്കാർ എട്ടാം തരത്തിൽ പഠിക്കുന്ന വിദ്യാർത്തികൾക്ക് ഇതിന്റെ ഭാഗമാകുവാൻ സാധിച്ചു. കമ്പ്യൂട്ടറിന്റെ സഹായത്തോടെ വിവിധ തരത്തിലുള്ള പഠന പ്രവർത്തനങ്ങളാണ് ഇതിൽ ഉതിൽ ഉള്ളത്. ഇതിന്റെ ചുമതല വിദ്യാലയത്തിലെ രണ്ട് അദ്ധ്യാപകർക്ക് നൽകുകയും അവർക്ക് അതിന്റെ ട്രെയ്നിംഗ് നൽകുകയും ചെയ്തു. എല്ലാ ബുധനാഴ്ച്ചകളിലും വൈകുന്നേരം നാല് മണി മുതൽ അഞ്ച് മണി വരെ ഇതിന്റെ ക്ലാസ്സ് നടക്കുന്നു. സ്കൂൾ ക്യാമ്പ് സബ് ജില്ല, ജില്ല, സംസ്ഥാനം എന്നീ ക്യാമ്പുകളും ഇതിന്റെ ഭാഗമായി നടക്കുന്നു. സ്കൂൾ പി.ടി.എ, എം.പി.ടി.എ ഇവരുടെ നേതൃത്വത്തിൽ നാല് വിദ്യാർത്തികൾ സബ് ജില്ലാ തരത്തിൽ പങ്കെടുക്കുവാൻ സാധിച്ചു. വളരെ ഭംഗിയായ് ലിറ്റിൽ കൈറ്റിന്റെ ക്ലാസ് നടന്നു കൊണ്ടിരിക്കുന്നു.

# ഉള്ളടക്കം


<u>രചന</u>


മനുഷ്യൻ – അനാമിക
എന്റെ അച്ചന്റെ സ്വപ്നം – ആർദ്ര ശ്രീജേഷ്
ഓർമ്മകൾ – റസ്‌ല
ഉള്ളതുകൊണ്ട് ഓണം പോല – നയന
ഐക്യമെൻ ആയുധം – സനഫാത്തിമ
മുക്കുവനും ഭാര്യയും – പാർവ്വണ
വേർഡ് ഫ്രം മൈ ഹാർട്ട് – ആമിന സെൻഹ
സുഖത്തിന്റെ വഴിതുറക്കാം – ഫാത്തിമ ഷിഫ
മഷിപ്പേന – ദൃശ്യ
മിടുക്കൻ – അർച്ചന
നന്മയാം പ്രകാകൻ – ഗോപിക
സ്നേഹത്തിന്റെ പൂമൊട്ടുകൾ – ഫാത്തിമസെൽമ
അതിബുദ്ധി ആപത്ത് – പാർവ്വതി
ആരാണ് സുന്ദരി – നിയ
മൈ ഡോഗ് – അശ്വതി
എന്റെ നാട് – പുണ്യ
പൊളിഞ്ഞ തേൻ സൂത്രം – അനുപ്രിയ
ചക്കരമാമ്പഴം – ദിവ്യശ്രീ
എന്റെ വിദ്യാലയം – ഫിദ നസ്‌റിയ
ചങ്ങാതിമാർ – അൻസില
ഏകാന്തത – റിയ ഫാത്തിമ
വിടരാൻ കൊതിച്ച സ്വപ്നങ്ങൾ – ഫാത്തിമ ഹന്ന

# രചന നിർവ്വഹിച്ചവർ


അൻസില


അനാമിക


അനുപ്രിയ


ആമിന സെൻഹ


അർച്ചന


ആർദ്ര ശ്രീജേഷ്


ആഷിന ഫെബിൻ


ഗോപിക


ദിവ്യ ശ്രീ


ദൃശ്യ


നിയ


പാർവ്വണ


പാർവ്വതി


പുണ്യ



ഫാത്തിമ റിയ


ഫാത്തിമ സൽമ


ഫാത്തിമ ഹന്ന



ഫിദ നസ്റിയ


റസ്‌ല


റിഫ ഫാത്തിമ


അശ്വതി


നയന


സന ഫാത്തിമ


ഫാത്തിമ ഷിഫ


റിയ ഫാത്തിമ

# മനുഷ്യൻ

ഒരു ജാതി ഒരു മതം ഒരു ദൈവം

എന്നെപോലെ നമുക്ക് മുന്നോട്ട് കൈകോർത്തിരിക്കാം.

പല ജാതി പല മതം പല വേഷമുള്ളവർ-

ഒരു മനസ്സോടൊത്ത് ചേർന്നിരിക്കാം.

അതിജീവനത്തിനൊരു പുതുപാത തീർത്തിവിടെ-

അഭിമാന പൂർവ്വമണി ചേർന്നിരിക്കാം.

എല്ലാവരും മനുഷ്യൻ എല്ലാവരും മനുഷ്യൻ

സ്വാതന്ത്ര്യം എന്നതും തുല്യമാണ്.

രാഷ്ട്രീയമില്ല , ചതിയില്ല , കൊലയില്ല-

സന്തോഷമായി പറന്നുയരാം.

ഏതു മതക്കാരാകിലും സോദരെ-

കത്തുന്ന വയറിലെ തീയാണു പ്രശ്നം.

എല്ലാവരുമൊന്ന് എല്ലാവരുമൊന്ന്-

എന്ന ആശയം മുന്നോട്ടടിച്ചുറപ്പിക്കണം.

എല്ലാവരും മനുഷ്യൻ എല്ലാവരും മനുഷ്യൻ

ഐശ്വര്യമണയാതിരിക്കട്ടെ ഇവിടെ

ഐശ്വര്യമണയാതിരിക്കട്ടെ ഇവരിൽ.........

# എന്റെ അച്ഛന്റെ സ്വപ്നം

ഒരു കൊച്ചു കുടുംബം അച്ഛനും അമ്മയും ഒരു മകളും അടങ്ങിയ മനോഹരമായ ജീവിതം ചെറിയ ചെറിയ കഷ്ട്ടപാടുകൾ ഉണ്ടെങ്കിലും അതൊന്നും ഭാര്യയെയും മകളെയും അറീയ്കാതെ കൂലിപണി ചെയ്ത് കുടുംബം നോക്കുന്ന ഒരു അച്ഛനാണ്. അച്ഛന് മകളെന്ന് വെചാൽ ജീവനാണ്. അയാൾ അനുഭവിച്ച കഷ്ട്ടപാടുകൾ മകൾ അനുഭവിക്കരുത് എന്ന് നിർബന്ധമാണ്. അതിന് വേണ്ടി വെയിലത്തും മഴയത്തും ഭാരമുള്ളതും എടുത്ത് കഷ്ട്ട പെടുകയാണ് അച്ഛൻ. മകൾ നന്നായി പഠിക്കണമെന്നാണ് അച്ഛന്റെ ഏറ്റവും വലിയ ആഗ്രഹം. അതിന് വേണ്ടി മകൾക്ക് ആവിശ്യമുള്ളതെല്ലാം അയാൾ ചെയ്ത് കൊടുക്കും. അച്ഛന്റെ പേരാണ് രാജൻ.

മകളെ കുറിച്ച് പറയുകയാണെങ്കിൽ ഇപ്പോൾ അവൾ പഠിക്കുന്നത് പത്താം ക്ലാസ്സിലാണ്. സ്കൂൾ തുറന്നിട്ട് ഒരു മാസം ആയിട്ടെ ഉള്ളു. ഇതുവരെ അവൾ നന്നായി പഠിച്ചിട്ടൊന്നുമില്ല. അച്ഛൻ കഷ്ട്ടപെടുന്ന പൈസയ്ക്ക് ദൂർത്തടിച്ച് നടക്കുകയാണ് അവൾ. പഠിക്കണം എന്നുള്ള ചിന്തയൊന്നും അവളുടെ മനസ്സിൽ ഇല്ല. കുറച്ച് കളിക്കണം നല്ല നല്ല ഉടുപ്പുകൾ വാങ്ങണം എന്നൊക്കെയാണ് അവളുടെ മനസ്സിൽ. അച്ഛൻ വിചാരിക്കും എന്റെ മോൾ പഠിക്കും തന്റെ ആഗ്രഹം അവൾ സാധിച്ചെടുക്കും എന്നൊക്കെ ആണ്. പക്ഷെ അമ്മയ്ക്ക് അറിയാം ഇവൾക്ക് പഠിക്കണം ചിന്ത ഇല്ലാ എന്ന്.

ഒരു രാവിലെ മകൾ സ്കൂളിൽ പോവാൻ ഇറങ്ങുന്നു.
മകൾ: അച്ഛാ ഒരു നൂറ് രൂപ തരോ?
അടുക്കളയിൽ നിന്ന് അമ്മ: നിനക്ക് എന്തിനാ പൈസ?
അച്ഛൻ: നീ ഒന്ന് മിണ്ടതിരി. ഇന്നാ മോളെ നൂറ് രൂപ മോൾ പൊക്കോട്ടൊ.......
മകൾ: ശരി അച്ഛാ...... ഞാൻ പോവാട്ടോ
മകൾ സ്ക്കൂളിലേക്ക് ഇറങ്ങി.
അമ്മ: നിങ്ങളാണ് അവളെ ചീത്ത ആക്കുന്നത് വേണ്ടാത്ത പൈസ ഒക്കെ കൊടുത്ത് അവൾക്ക് അത് എന്തിനാണ് നിങ്ങൾ ചോദിച്ചില്ലല്ലോ..
അച്ഛൻ: എന്തിനാ ചോദിക്കുന്നെ. എനിക്ക് അറിയാ എന്റെ മോൾക്ക് പഠിക്കണ്ടതൊക്കെ വാങ്ങാനാണ്. നീ അവളെ ചീത്ത പറയരുത് ട്ടോ...... ന്റെ കുട്ടിക്ക് പഠിക്കാൻ ഒരു കുഴപ്പവും ഉണ്ടാവരുത്.
അമ്മ: ഞാനൊന്നും പറയുന്നില്ലേ...
അച്ഛൻ: ഞാൻ ഇറങ്ങാട്ടോ...
ങാ ശരി ! അമ്മ പറഞ്ഞു.
മകൾ സ്കൂളിലേക്ക് നടന്നു പോകുന്നു കൂടെ കൂട്ടുക്കാരും ഉണ്ട്.
ടീ ഇന്ന് നൂറ് രൂപ ഒപ്പിച്ചു.
ആണോ......
നമ്മൾ എന്താ വാങ്ങാ.....
പുതിയ മിഠായി ഇറങ്ങിയിട്ടുണ്ടോ . വാ അത് വാങ്ങി കഴിക്കാം.
ങാ ശരി. മിഠായി ഒക്കെ കഴിച്ച് അവൾ സ്കൂളിലെത്തി .
[അവൾ ക്ലാസ്സിലേക്ക് കയറാൻ പോയപ്പോൾ ക്ലാസ്സിൽ ടീച്ചറുണ്ട്.]
ടീച്ചർ: കയറി വാ ലക്ഷ്മി
എന്താ വൈകിയേ നീ

ബസ്സ് കിട്ടിയില്ലാ ടീച്ചർ......
എന്നും നീ വൈകുന്നത് ക്ലാസ്സ് മിസ്സാവില്ലെ നിനക്ക്?
ഇനി മുതൽ നേരത്തെ വരാം ടീച്ചർ ..
ങാ കയറി ഇരിക്ക്.
ടീച്ചർ: എല്ലാവരും നോട്ട് എടുത്ത് വക്ക് ഞാൻ നോക്കട്ടേ ...
[ടീച്ചർ നോക്കി നോക്കി ലക്ഷ്മിയുടെ ബഞ്ചിലെത്തി]
ങാ! ലക്ഷ്മി രാജൻ നോട്ട് നോക്കട്ടേ...
[ടീച്ചർ നോട്ട് തുറന്ന് നോക്കി]
ഇത് എന്താ താൻ ഈ ബുക്കിൽ പഠിക്കണ്ട ഒന്നും
എഴുതീല്ലലോ... മുഴുവനും എന്തൊക്കെയോ വരച്ചതും
കളിച്ചതുമായ എഴുത്തുകൾ മാത്രം .
നാളെ അച്ഛ്ഛേന്യോ അമ്മേന്യോ കൂട്ടിവാട്ടോ....
അവൾ: ഈശ്വരാ കുടുങ്ങി എന്താ ചെയ്യാ.
ആരേലും മരിച്ചെന്ന് പറയാം...
[ലക്ഷ്മി ക്ലാസ്സ് കഴിഞ്ഞ് വീട്ടിൽ എത്തി ബാഗ് ഒരു ഭാഗത്ത്
വെച്ച് ഭക്ഷണവും എടുത്ത് ടി.വി കണ്ടിരുന്നു]
അമ്മ: വന്ന് കേറിയതേ ഉള്ളൂ അവൾ ടി.വി തുറന്നു പോയ്
മേൽ കഴുക്
[അമ്മ പറഞ്ഞത് കേൾക്കാതെ അവൾ ടി.വി കണ്ടിരുന്നു]
സമയം ആറായല്ലോ അച്ഛനെ എന്താ കാണാത്തെ വിളിച്ചിട്ട്
ഫോൺ എടുക്കുന്നില്ല അമ്മ പറഞ്ഞു
ജോലി കഴിഞ്ഞിണ്ടാവില്ല അമ്മേ.....
അച്ഛനും സുഹൃത്തും നടന്നു വരുന്നു .
ടാ... നീ പൊക്കൊ നിന്നെ അവർ കണ്ടാ സംശയിക്കും
അച്ഛൻ പറഞ്ഞു
നീ ഒന്നും അവരോട് പറയില്ലല്ലോ....
ഇല്ല എന്റെ ഒരു കിഡ്ണി പോയതാണെന്ന് അവർ
അറിഞ്ഞാ താങ്ങാൻ പറ്റില്ലെടാ....

ആ ശരി.
 നീ ഡോക്ടർ പറഞ്ഞത് മറന്നില്ലല്ലോ. മറ്റേ കിഡ്ണിയും കുഴപ്പാണ്  മരുന്ന് നിർത്തിയാലോ ഭാരമുള്ളത് എടുത്താലോ നിനക്ക് അറിയാലോ.
വീട്ടിലേക്ക് അച്ഛൻ വരുന്നു .
മകൾ ടി.വിയുടെ മുമ്പിൽ ഇരിക്കാണ് അവൾ അച്ഛനെ കണ്ടു
അമ്മേ ദാ  അച്ഛൻ വന്നൂട്ടോ...
അമ്മ വന്നു
എന്താ വൈകിയത്?
പണി കഴിയണ്ടേ.......
എന്നാ ഒന്ന് വിളിച്ച് പറഞ്ഞൂടേ.......
മകൾ: അച്ഛാ ഒരു 4000രൂപ വേണം റ്റൂറ് പോന്നുണ്ട് സ്കൂളീന്ന് എനിക്ക് പോണം..
എന്റെ മോളും പൊക്കോ...  അച്ഛൻ തരാലോ പൈസ എന്റെ മോള് നന്നായി പഠിക്കണം ട്ടോ....
ശരി അച്ഛാ ......
അച്ഛാ ഒരു ആഴ്ച്ചക്കുള്ളിലാണ് അടക്കണ്ടേ ട്ടോ .....
ആ മോളേ....
തീരെ വയ്യെങ്കിലും അച്ഛൻ എന്നും ജോലിക്ക് പോകും മരുന്ന് വാങ്ങാതെ ആ പൈസയും എടുത്ത് നാലായിരം ആക്കി മകളെ റ്റൂറ് പറഞ്ഞയച്ചു. പിറ്റേന്ന് രാവിലെ അച്ഛന് വയറ് വല്ലാതെ വേദന ആയി ഭാര്യയോട് പറയാതെ സാരമില്ലെന്ന് വിചാരിച്ച് ജോലിക്ക് പോയി ഒരു ആഴ്ച്ചയായല്ലോ മരുന്ന് കഴിക്കാതെ അതുകൊണ്ടാണ് വേദന വന്നത് അന്ന് വൈകുന്നേരം അച്ഛൻ മരുന്ന് വാങ്ങി കഴിച്ചു.എന്നിട്ടും വേദന മാറുന്നില്ല . ഡോക്ടറെ കാണിക്കാൻ പൈസ ഇല്ലാത്തത് കൊണ്ട് കാണിച്ചില്ല രണ്ട് ദിവസം കടന്ന് പോയി ..

രാവിലെ ........അച്ഛൻ: ഇന്നല്ലേ മോള് വരുന്നേ

വരുമ്പം ഞാൻ അവൾക്ക് ഇഷ്ട്ടുള്ളതൊക്കെ വാങ്ങിട്ട് വരാട്ടോ.........  ങാ ശരി അമ്മ പറഞ്ഞു .

വേദന ഉണ്ടായിട്ടും ഭാരമുള്ള കല്ലുകൾ എടുത്ത് പണി തുടങ്ങി അച്ഛൻ.

ഒരു ഉച്ചനേരമായപ്പോൾ വേദന തുടങ്ങി കഠിനമായി.

അച്ഛൻ തളർന്നു വീണു.

എല്ലാവരും ചേർന്ന് ആശുപത്രിയിൽ എത്തിപ്പിക്കുമ്പോഴേക്കും അച്ഛൻ മരിച്ചിരുന്നു.

ഇത് അറിഞ്ഞ ഭാര്യ തളർന്നു വീണു.

മകൾ റ്റൂറ് കഴിഞ്ഞ് വീട്ടിലേക്ക് വരുമ്പോൾ വീടിനു മുന്നിൽ നിറയെ ആളുകൾ...

അപ്പോഴാണ് കുറച്ച് ആളുകൾ കൂടി നിന്ന് പറയുന്നു കിഡ്ണിക്കായിരുന്നു തകരാറ്.

ഒരാഴ്ച്ച മരുന്ന് കുടിക്കാതെ ഭാരമുള്ളതെല്ലാം ചുമന്ന് മകളെ റ്റൂറിന് പറഞ്ഞയക്കാൻ കഷ്ട്ടപെട്ടതാ... എന്ത് ചെയ്യാനാ ആള് പോയില്ലേ . മരുന്ന് കുടിച്ച് വിശ്രമിച്ചിരുന്നുവെങ്കിൽ ഇനിയും കിട്ടുമായിരുന്നു എന്ന ഡോക്ടേസ് പറഞ്ഞേ........

ഇത് കേട്ട മകൾ അച്ഛാ........ എന്ന് ഉറക്കെ വിളിച്ച് അകത്തേക്ക് ഓടി.

അവൾ കാണുന്നത് വെള്ള പുതപ്പിച്ച് കിടത്തിയ അച്ഛന്റെ ശരീരമാണ് .

മകൾ തളർന്നുപോയി......

കുറച്ച് നാൾ കഴിഞ്ഞു.

മകൾ അച്ഛനെ ഓർത്തിരിക്കുകയായിരുന്നു.

അവൾ ചിന്തിച്ചു.

എന്റെ അച്ഛന്റെ ഏറ്റവും വലിയ ആഗ്രഹമായിരുന്നു ഞാൻ നന്നായി പഠിക്കുക എന്നത്.

എനിക്ക് നന്നായി മാർക്ക് വാങ്ങി കാണുകയാണ്
എന്നായിരുന്നു അച്ഛന്റെ ഏറ്റവും വലിയ സ്വപ്നം.

അതുകൊണ്ട് ഞാൻ നന്നായി പഠിക്കും .
അവൾ അച്ഛന്റെ സ്വപ്നം സാധിപ്പിക്കാനായി തുടങ്ങി.

അവസാനം പത്താം ക്ലാസ്സിലെ അവസാനത്തെ പരീക്ഷ.
അവൾ നന്നായി പഠിച്ച് എഴുതി.

കുറച്ച് ദിവസം കഴിഞ്ഞപ്പോൾ റിസൾട്ട് വന്നു.
അവൾ തന്നെ ഞെട്ടിപ്പോയി .
സ്കൂളിലേക്കും വച്ച് നല്ല മാർക്ക് അവൾക്കായിരുന്നു.
സന്തോഷത്തിന്റെ കണ്ണുനീർ അവളുടെ കണ്ണിൽ നിന്ന്
പൊടിഞ്ഞു.
അവളെ അമ്മക്ക് വളരെ സന്തോഷമായി .
അച്ഛൻ മരിച്ചതിനു ശേഷം അന്നാണ് അമ്മയുടെ മുഖം
തെളിഞ്ഞത്.

അവൾ അമ്മയോട് പറഞ്ഞു.
അമ്മേ എന്റെ അച്ഛന്റെ സ്വപ്നം ഞാൻ നിറവേറ്റി
പക്ഷേ അവൾ ഓർത്തു.
ഇത് കാണാൻ എന്റെ അച്ഛൻ ഉണ്ടായിരുന്നെങ്കിൽ
അച്ഛന്റെ ആത്മാവ് ഇത് കണ്ട് സന്തോഷിക്കും.

"ശുഭം"

# ഓർമ്മകൾ

ഉള്ളിലെ നൊമ്പരം തീകടലായി പിന്നെ
പ്രതീക്ഷയാകുന്നൊരാ നിമിഷം....
ഉള്ളിലെ വേദന അഗ്നിയായി പടർന്ന്
ഉന്മേഷമാകുന്നൊരാ നിമിഷം....

നൊമ്പരം തീർക്കുന്ന ഓർമ്മകൾ
എന്നിൽ തിരിച്ചറിവുണർത്തുന്നൊരാ നിമിഷം....
ജീവിതമാകുന്ന സാഗരത്തിൻ ഓർമ്മകളാകുന്ന
തിരകൾ എന്നിലേക്കലയടിക്കുന്നൊരാ നിമിഷം....
നഷ്ട്ടബോധത്തിൻ കുപ്പായമെന്നിൽ നിന്ന്
അകലേക്ക് മാറ്റുന്നൊരാ നിമിഷം....

നഷ്ട്ടബോധത്തിൻ തിരിച്ചറിവ്
അകലും മുൻപേ....
ഓർമ്മകൾ അഗ്നിയായി തീരും മുൻപേ....
ചിന്തകൾ മരവിച്ചു പോകും മുൻപേ....
നെഞ്ചകം ഒരുപിടി ചാരമായ് തീരും മുൻപേ....
ആ നിമിഷം എനിലേക്ക് തിരിച്ചു വരും....
പുതുപ്രതീക്ഷകളും നല്ല സ്വപ്നങ്ങളും....
പിന്നെ വലിയൊരു തിരിച്ചറിവിൻ
പതാകയുമായ്...

# ഉള്ളതുകൊണ്ട് ഓണം

# പോലെ...

പണ്ട് പണ്ട് നെല്ലിക്കാമലയിൽ ബില്ലി എന്ന പൂ-
ച്ചയും അതിന്റെ മൂന്നുമക്കളും താമസിച്ചിരുന്നു. മക്കൾ മൂവരും മീൻകൊതിയന്മാരായിരുന്നു. ആ മലയിൽ താമസിച്ച ജെല്ലിക്കൊക്ക് ദിവസവും തോട്ടിലും കുളത്തിലും നെൽപ്പാടത്തിലും പോയി കൊത്തികൊണ്ടുവരുന്ന മീനുകളെ മുറിച്ചു കൊടുക്കുന്ന ജോലിയാണ് ബില്ലിക്ക്. ബില്ലിക്ക് കൂലിയായി കിട്ടുന്ന മീനുകളെ ബില്ലി വീട്ടിൽ കൊണ്ടുവന്ന് തന്റെ മക്കൾക്ക് കൊടുക്കും. പെട്ടെന്നൊരു ദിവസം മീനുകൾക്ക് ക്ഷാമമായി. ബില്ലിക്ക് കിട്ടുന്ന മീനുകളുടെ എണ്ണവും കുറഞ്ഞു. ഉച്ചഭക്ഷണത്തിന് മീൻ കുറഞ്ഞപ്പോൾ
മക്കൾ മൂവരും ബഹളം വെച്ചു. അപ്പോൾ ബില്ലി മക്കളോട് ഒരു കഥ പറഞ്ഞു: “ഒരിടത്തൊരിടത്ത് ഒരച്ഛനും ഒരമ്മയും അഞ്ചുമക്കളും താമസിച്ചിരുന്നു. അച്ഛനും അമ്മയ്ക്കും ഭക്ഷണത്തിനൊപ്പം മീനോ, ഇറച്ചിയോ നിർബന്ധമായിരുന്നില്ല. എന്നാൽ മക്കൾ അങ്ങനെയായിരുന്നില്ല. എല്ലാവർക്കും മീൻ വേണം. ഇറച്ചിക്കും മീനിനും വില കൂടി. ഇരുപത് രൂപയ്ക്ക് കിട്ടുന്ന മീൻ നൂറ് രൂപയ്ക്ക് പോലും കിട്ടാതായി. അതുകൊണ്ട് അവർ മീൻ ഉപേക്ഷിച്ചു. ഒരു ദിവസം അവർ ഭക്ഷണം കഴിക്കുമ്പോൾ അച്ഛനും അമ്മയും

മീനില്ലാതെ കഴിക്കുന്നത് കണ്ട് മൂത്ത മകൻ അലൽുവിന് വിഷമമായി. അവൻ അവന്റെ പാത്രത്തിൽ നിന്നും ഒരു കഷ്ണമെടുത്ത് അമ്മയ്ക്ക് നൽകി. ഇതുകണ്ട് കണ്ട് രണ്ടാമൻ മില്ലു അച്ഛനും നൽകി. മീൻ കൊതിയന്മാരായ ബിലൽുവും, ജില്ലുവും, വില്ലുവും അനങ്ങിയില്ല. അടുത്ത ദിവസം ഭക്ഷണം കഴിക്കുമ്പോൾ അച്ഛൻ പറഞ്ഞു: “ഇന്നലെ തന്നവർ ഇന്ന് തരേണ്ട. ഇന്ന് ബില്ലുവും, ജിലൽുവും തന്നാൽ മതി.” അനുസരണയുള്ള കുട്ടികളെ പോലെ ബില്ലുവും, ജില്ലുവും അച്ഛനും അമ്മയ്ക്കും മീൻ കൊടുത്തു. അന്നു മുതൽ ആ വീട്ടിൽ എന്ത് കിട്ടിയാലും തുല്യമായി പങ്കുവെക്കാൻ തുടങ്ങി. ഈ കഥയിൽ നിന്നും എന്താണ് മനസ്സിലായത് എന്ന് ബില്ലി പൂച്ച മക്കളോട് ചോദിച്ചു. ബില്ലിയുടെ മൂന്നുമക്കളിൽ രണ്ടാമൻ ചിന്നു പറഞ്ഞു: " ഉള്ളതു കൊണ്ടു ഓണം പോലെ.” അതെ, പക്ഷെ  അതു മാത്രം പോരാ, പരസ്പരം പങ്കുവെക്കാനും മിതത്വം പാലിക്കാനും കൂടി പഠിക്കണം. ബില്ലി പറഞ്ഞതിന്റെ പൊരുൾ അവർക്ക് മനസ്സിലായി. അന്നുമുതൽ മീൻ എന്ന് മാത്രമല്ല, ഒരു സാധനത്തിനും വഴക്കുണ്ടാക്കാതെ ഉള്ളതു കൊണ്ട് ഓണം പോലെ കഴിഞ്ഞു.

# ഐക്യമെൻ ആയുധം

പമ്പാനദിയിൽ ആചാരങ്ങൾ തീർക്കവെ
വിശുദ്ധമാം ജലമെന്ന പുണ്യാത്മാവിനിൽ
നീ ഞങ്ങെ പരീക്ഷിക്കുന്നു.
ആരോടെന്നില്ലാതെ ഞങ്ങൾ
കേണപേക്ഷിക്കുമ്പോൾ
മറ്റു ചില ജീവനുകൾ മണ്ണിലേക്കടിക്കുന്നു.
എല്ലാം ഈ മനുഷ്യ പ്രവർത്തിയോ?
വിദ്വേഷം നിറഞ്ഞൊഴികിയ മനുഷ്യ മനസ്സോ?

എല്ലാ ദുരന്തങ്ങളെയും തുടച്ചുനീക്കി
തിരിച്ചു നേടി നാം
ഐക്യമെന്നായുധത്താൽ
പ്രാർത്ഥനയാം പ്രതികരണത്താൽ
സ്വർഗ്ഗമാം കേരളം ദൈവമാം ഉപഹാരം
ഇന്നും നാം പിന്നിലെ ഓർമ്മകൾ ഓർക്കവെ
ഓടിയെത്തുന്നു ചില ജീവനുകൾ
എൻ ഓർമ്മയിൽ!..

# ആരാണ് സുന്ദരി

ഒരു കുളത്തിൽ രണ്ട് മത്സ്യം താമസിച്ചിരുന്നു. രണ്ടു പേരും വെളുത്ത് തിളങ്ങുന്ന സുന്ദരികളായിരുന്നു. അവർ വെള്ളത്തിൽ തുള്ളിച്ചാടി നീന്തിക്കുളിച്ച് രസിച്ചു. അങ്ങനെയിരിക്കെ അവരിൽ ആരാണ് കൂടുതൽ സുന്ദരിയെന്ന് തർക്കമായി. എനിക്കാണ് നിന്നെക്കാൾ സുന്ദരിയെന്നാണ് ഈ കുളത്തിലുള്ളവരെല്ലാം പറയുന്നത്. അങ്ങനെയോ?. എല്ലാവരും മറിച്ച് പറയുന്നതാണ് കേട്ടിട്ടുള്ളത്. എന്നാൽ നമുക്ക് ഇങ്ങനെ തർക്കിക്കേണ്ട. നമുക്ക് ഈ കാര്യത്തിൽ മുതലയച്ഛന്റെ അഭിപ്രായം സ്വീകരിക്കാം. അങ്ങനെ അവർ മുതലയച്ഛനോട് അഭിപ്രായം ചോദിച്ചു. നിങ്ങൾ രണ്ടാളും സുന്ദരിമാർ തന്നെ. നിങ്ങൾ നന്നായി എന്റെ അടുത്ത് വന്നാൽ ഞാൻ എന്റെ അഭിപ്രായം പറയാം. നിങ്ങൾ മടിക്കാതെ അടുത്തു വരൂ. മുതലയച്ഛൻ ആവിശ്യപ്പെട്ടു മീൻ സുന്ദരിമാർ അതനുസരിച്ചു. അവർ രണ്ടു പേരും മത്സരിച്ച് മുന്നോട്ട് നീന്തി മുതലയുടെ വായയുടെ തൊട്ട്മുന്നിലെത്തി. മുതലയുടെ വായിലൂടെ വയറ്റിലെത്തി. അവരുടെ കഥ കഴിഞ്ഞു. അനാവിശ്യമായി മത്സരിച്ചതിന്റെ ദുരന്തഫലം അവർ അനുഭവിച്ചു.

# മഷിപ്പേന

മൂകമാം  നീലരാവിലി
ഉമ്മറപ്പടിയിലിരിപ്പൂ ഞാനുമെൻ
പ്രിയസഖിയാകും നീയും
ഇരുപത് വർഷമായെന്നിരിക്കിലും
മിണ്ടിയിട്ടില്ല നാം ഇതുവരെ
ഇന്നു നാം ഈ ഏകാന്തയാമത്തിൽ
പങ്കു വെയ്ക്കുന്നു സമൃതിയിലുറങ്ങിടും
ഒരായിരം സ്നേഹ കഥകൾ
ജരാനര ബാധിച്ചു ജടപിടിചുലഞ്ഞിടും
എൻ മുടിയിഴകൾ പോൽ
വറ്റി വരണ്ടുവേറ നിൻ ജീവനാളിയും
എത്ര രാത്രികൾ പങ്കിട്ടു നാമ-
റിയില്ല എത്ര പകലുകളെന്നും
എന്റെ വേദനയിലും , ദുഃഖത്തിലും
പരമാനന്ദത്തിലും നീ സഹചാരിയായ്
നമ്മുടെ തലമുറകൾ മാറി മാറി
മുന്നോട്ട് കുതിക്കുന്നു.
നാമും മാറി മാറി പിന്നോട്ട് കുതിക്കുന്നു.
അറിയില്ല നമ്മളെ ഇന്നാർക്കും
അറിയുവാനാരും ശ്രമിക്കുന്നില്ല
വലിച്ചെറിയുന്ന പാഴ്വസ്തുപോൽ
ഏകാന്ത വാസം വിധിച്ചുകൊണ്ട്.
നമ്മൾതൻ പവിത്രബന്ധംപോലൊന്ന്
ഉലകിലിനിയുണ്ടാകില്ല നിശ്ചയം.
അറിയില്ല ഇനി എത്ര ദിനങ്ങൾ നാം
ഒന്നിച്ചു വാഴുമീ ഭൂവിൽ
അറിയാമൊന്നു മാത്രം എനിക്കു ശേഷം
നിന്നെ ഓർക്കാനുമാരുമുണ്ടാകില്ലെന്ന്

# മുക്കുവനും ഭാര്യയും

ഒരിടത്ത് ഒരു മുക്കുവനും തന്റെ ഭാര്യയും ജീവിച്ചിരിന്നു. അവർ ഒരു കുടിലിലാണ് താമസിച്ചിരുന്നത്. മുക്കുവന്റെ ഭാര്യയ്ക്ക് ആ കുടിൽ തീരെ ഇഷ്ട്ടമില്ലായിരുന്നു. അവളുടെ ആഗ്രഹം ഒരു വീട് വേണം എന്നാണ്. ഭാര്യ എപ്പോഴും മുക്കുവിനോട് പറയും ഒരു വീട് ഉണ്ടാക്കാൻ.പക്ഷേ മുക്കുവിന്റെ അടുത്ത് പണം ഉണ്ടായിരുന്നില്ല. അങ്ങനയിരിക്കെ ഒരു ദിവസം മുക്കുവൻ മീൻ പിടിക്കുവാൻ പോയി. മുക്കുവൻ ചൂണ്ടയിട്ടു. ഒരു മീനിനെ കിട്ടി. അത് തിളങ്ങുന്നുണ്ടായിരുന്നു. ആ മീൻ പറഞ്ഞു : എന്നെ വെറുതെ വിടു... ഞാൻ ഒരു മാജിക്ക് മീനാണ്. നീ പറയുന്നത് ഞാൻ ചെയ്തു തരാം... മുക്കുവൻ മീനിനെ പുറത്ത് വിട്ടു. അപ്പോൾ മീൻ പറഞ്ഞു: വളരെ നന്ദി...നിനക്ക് എന്തെങ്കിലും കുഴപ്പമുണ്ടെങ്കിൽ "മാജിക്ക് മീനെ" എന്ന് വിളിച്ചാൽ മതി. ഞാൻ വരാം. മുക്കുവൻ തന്റെ വീട്ടിലേക്ക് പോയി. വീട്ടിലെത്തി നടന്നതെല്ലാം ഭാര്യയോട് പറഞ്ഞു. അപ്പോൾ ഭാര്യ പറഞ്ഞു: നിങ്ങൾ പോയി  മാജിക്ക്  മീനിനോട് പറയു ഒരു വീട് തരാൻ. അപ്പോൾ മുക്കുവൻ കുളത്തിലെത്തി മീനിനെ വിളിച്ചു. മാജിക്ക് മീനെ മാജിക്ക് മീനെ എന്ന് വിളിച്ചു. അപ്പോൾ വെള്ളത്തിന്റെ നിറം വേറെയായി. അങ്ങനെ മീൻ വന്നു. നിനക്ക് എന്ത് ആഗ്രഹമാണ് വേണ്ടത് എന്ന് മീൻ ചോദിച്ചു. മുക്കുവൻ പറഞ്ഞു തന്റെ ഭാര്യക്ക് ഒരു വീട് വേണം എന്ന്. മീൻ പറഞ്ഞു: " നീ ആഗ്രഹിച്ചത് പോലെ നടന്നു. നീ വീട്ടിലേക്ക് പോയി നോക്കൂ"... അങ്ങനെ മുക്കുവൻ തന്റെ വീട്ടിലേക്ക് പോയി.. അവിടെ ഒരു ഭംഗിയുള്ള വീട് ഉണ്ടായിരുന്നു. അതിന്റെ മുറ്റത്ത് തന്റെ ഭാര്യ നിൽപ്പുണ്ടായിരുന്നു. മുക്കുവൻ ചോദിച്ചു: " നിനക്ക് ഇപ്പോൾ സന്തോഷമായില്ലേ" .. ഭാര്യ പറഞ്ഞു : " അതെ എനിക്ക് സന്തോഷമായി"        അങ്ങനെ കുറെ ദിവസം കഴിഞ്ഞു ഭാര്യ പറഞ്ഞു: "എനിക്ക് ഒരു കൊട്ടാരം വേണം പിന്നെ അതിന്റെ

രാജകുമാരി ഞാൻ ആകണമെന്ന് പോയി മാജിക്ക് മീനിനോട് പറയൂ. അങ്ങനെ മാജിക്ക് മീനിനെ മുക്കുവൻ വിളിച്ചു. “മാജിക്ക് മീനെ മാജിക്ക് മീനെ വരൂ" അപ്പോഴും വെള്ളത്തിന്റെ നിറം മാറിയിരുന്നു. മീൻ വന്നു. മുക്കുവൻ തന്റെ ആഗ്രഹം പറഞ്ഞു. അപ്പോൾ മീൻ പറഞ്ഞു: നീ നിന്റെ വീട്ടിലേക്ക് പോയ്ക്കോളൂ. അങ്ങനെ മുക്കുവൻ വീട്ടിലേക്ക് പോയി. അവിടെ വീട് ഉണ്ടായിരുന്നില്ല പകരം കൊട്ടാരമായിരുന്നു ഉണ്ടായിരുന്നത്. കൊട്ടാരത്തിന്റെ സിംഹാസനത്തിൽ  ഭാര്യ ഇരിക്കുന്നു. അവർ അങ്ങനെ ജീവിച്ചു. ഒരിക്കൽ ഭാര്യ പറഞ്ഞു:”എനിക്ക് ഈ ലോകത്തിലെ ഏറ്റവും വലിയ ആളാവണമെന്ന് മാജിക്ക് മീനിനോട് പറയൂ... ”. മുക്കുവൻ മീനിനടുത്തേക്ക് വന്നു. മീനിനെ വിളിച്ചു. "മാജിക്ക് മീനെ ..മാജിക്ക് മീനെ ഇവിടെ വരൂ... ". അപ്പോൾ വെള്ളത്തിന്റെ നിറം മാറി . മീൻ എന്നിട്ടു ചോദിച്ചു:”എന്താണ് നിന്റെ ആഗ്രഹം” .. മുക്കുവൻ പറഞ്ഞു :”ഭാര്യ പറഞ്ഞു അവൾക്ക് ഈ ലോകത്തിലെ ഏറ്റവും വലിയാളാവണമെന്ന് ”. അത് ആയിട്ടുണ്ട്. നീ നിന്റെ വീട്ടിലേക്ക് പൊയ്ക്കോളു. അവൻ വീട്ടിലേക്ക് പോയി. അവിടെ ഭാര്യയെ കണ്ടില്ല. തിരിച്ച് പോയി മാജിക്ക് മീനിനോട് നടന്ന കാര്യം പറഞ്ഞു. അപ്പോൾ മീൻ പറഞ്ഞു:”അവളുടെ ആഗ്രഹം വലിയാളവണം എന്നല്ലെ അതുകൊണ്ടാണ് ”. അപ്പോൾ പഴയ പോലെ ആക്കാൻ മുക്കുവൻ പറഞ്ഞു. ആ സമയം മീൻ പറഞ്ഞു :”നീ പറഞ്ഞത് പോലെ ആയിട്ടുണ്ട്". നീ നിന്റെ വീട്ടിലേക്ക് പൊയ്ക്കോളു. മുക്കുവൻ തന്റെ വീട്ടിലേക്ക് പോയി. തന്റെ ഭാര്യയും, വീടും അതു പോലെ ഉണ്ടായിരുന്നു. അങ്ങനെ അവർ സുഖമായ് ജീവിച്ചു....

# രാജാവും തത്തയും

ഒരിക്കൽ ഉയരമുള്ളൊരു മരത്തിന്റെ മുകളിൽ ഒരു സുന്ദരിയായ തത്തമ്മ താമസിച്ചിരുന്നു. ആ തത്തമ്മക്ക് ഒരെ പോലെയുള്ള രണ്ടു കുഞ്ഞുങ്ങളുണ്ട്. ഒരു ദിവസം അമ്മ തത്തമ്മ ആഹാരം തേടി പുറത്ത് പോയപ്പോൾ ഒരു വേടൻ മരത്തിൽ കയറി തത്ത കുഞ്ഞുങ്ങളെ പിടിച്ചു. കുഞ്ഞുങ്ങളെ തന്റെ സഞ്ചിയിലിടുമ്പോൾ ഒരു തത്ത കുഞ്ഞ് രക്ഷപ്പെട്ടു മറ്റേതിനെ അയാളുടെ വീട്ടിലേക്കും കൊണ്ടുപ്പോയി. അപ്പോൾ അതു വഴി വന്ന ഒരു സന്യാസി രക്ഷപ്പെട്ട തത്ത കുഞ്ഞിനെ കാണുകയും അതിനെ തന്റെ ആശ്രമത്തിലേക്ക് കൊണ്ട് പോവുകയും ചെയ്തു. അങ്ങനെ ഒരു തത്ത കുഞ്ഞ് വേടന്റെ വീട്ടിലും മറ്റേത് സ്വാമിയുടെ ആശ്രമത്തിലുമായി.

അങ്ങനെയിരിക്കെ ഒരു ദിവസം അതു വഴി നായാട്ടിനു വന്ന രാജാവ് വേടന്റെവീട് ശ്രദ്ധിക്കുകയും കൂട്ടിനകത്ത് നിന്നുള്ള കേട്ടു . യജമാനേ ആരോ നമ്മുടെ വീട്ടിലേക്ക് വരുന്നു. അമ്പും വില്ലും എടുത്ത് അയാളെ കൊല്ലു. വഷള പക്ഷി ഇവന്റെ യജമാനനും ഒരു വഷളൻ തന്നെ ആയിരിക്കും. എന്ന് ചിന്തിച്ച് കൊണ്ട് രാജാവ് തന്റെ യാത്ര തുടങ്ങി. കൃത്യ സമയം രാജാവ് ആശ്രമത്തിൽ എത്തി ചേരുകയും ദാഹത്തിനായി അവിടെ കേറുകയും ചെയ്തു. അവിടെ അദ്ദേഹം കൂട്ടിലിട്ടൊരു തത്തമ്മയെ കണ്ടു. രാജാവ് കരുതി വേറൊരു നീജനും, വഷളനും ആയ പക്ഷി. പക്ഷേ രാജാവിനെ അത്ഭുതപ്പെടുത്തി കൊണ്ട് കൂട്ടിലെ തത്ത പറഞ്ഞു: "സ്വാഗതം മഹാ രാജാവെ സ്വാഗതം. അങ്ങയെ അതീവ സന്തോഷത്തോടെ സ്വാഗതം" സൗമ്യനും, ദയാലുവുമായ തത്ത പറഞ്ഞു. രാജാവ് അത്ഭുത പെട്ടു. അദ്ദേഹം കൂട്ടിനടുത്ത് ചെന്ന് പറഞ്ഞു: "ഇത്ര സ്നേഹമുള്ള ഒരു തത്തയെ കണ്ടതിൽ ഞാൻ സന്തോഷവാനാണ്. ഇപ്പോൾ തന്നെ നിന്നെ പോലെ വേറൊരു തത്തയെ കണ്ടു. അത് നീജനും, വഷളനും ആയിരുന്നു." അവൻ ഒരു വേടന്റെ കൂടെയാണോ? ... അതെ.. നിനക്ക് ഇത് എങ്ങനെ അറിയാം. തത്ത കരഞ്ഞു കൊണ്ട് പറഞ്ഞു: "അവൻ എന്റെ പ്രിയ സഹോദരൻ ആണ്. ഒരു ദിവസം ഞങ്ങൾ കൂട്ടിൽ തനിച്ചായിരുന്നപ്പോൾ വേടൻ പിടിച്ചു. ഞാൻ രക്ഷപ്പെട്ടെങ്കിലും എന്റെ സഹോദരനെ അയാൾ കൊണ്ട് പോയി. അവന്റെ യജമാനൻ നീജനും, വഷളനും ആയതുകൊണ്ട് ആ പ്രകൃതം അവനും കിട്ടി. പക്ഷേ എന്റെ യജമാനൻ വിത്യസ്തമനായിരുന്നു. ഇത് കേട്ട് കൊണ്ട് രാജാവ് തത്തയെ വർണ്ണിച്ച് കൊണ്ട് തിരിച്ചു പോയി. "

ഇതിൽ നിന്ന് കൂട്ടുകാർക്ക് എന്ത് മനസ്സിലായി...
സംസ്സർഗ്ഗം കൊണ്ട് ഗുണവും ദോഷവും ഉണ്ടാകുന്നു.

# മത്സ്യകന്യകയുടെ ആഗ്രഹം

ഒരിടത്ത് ഒരു മനോഹരമായ കൊട്ടാരമുണ്ടായിരുന്നു. ആ കെട്ടാരത്തിലെ രാജാവിനും രാജ്ഞിക്കും ഒരു സുന്ദരിയായ മകളുണ്ടായിരുന്നു. മാൻമിഴി തോൽപിക്കുന്ന കണ്ണുകൾ, മുല്ലമൊട്ട് പോലുള്ള അവളുടെ ചിരി, അവളെ സുന്ദരിയാക്കിയ അവളുടെ പേര് എയ്ഞ്ചൽ.... എന്നാണ്. കൊട്ടാരത്തിലെ എല്ലാ ആളുകളും അവളെ ഏറെ ഇഷ്ട്ടപ്പെട്ടിരിന്നു. അവളുടെ മുറിയിൽ നിന്നും ബാൽക്കണിയിലേക്ക് ഇറങ്ങുമ്പോൾ തന്നെ വിശാലമായി വിടർന്നു കിടക്കുന്ന സമുദ്രമായിരുന്നു. ആ സമുദ്രത്തിനോട് ചേർന്ന് ചെറിയ പാറകെട്ടുകളുണ്ടായിരുന്നു. അങ്ങനെ ഇരിക്കെ ഒരു ദിവസം അവൾക്ക് ഒരു ആഗ്രഹം. ആ പാറകൾക്കിടയിൽ എന്തായിരിക്കും?.... അവൾക്ക് അത് അറിയാൻ ആകാംശയായി. അവൾ തന്റെ അച്ഛന്റെ അടുത്തേക്ക് ഓടിയിരുന്നു. അവളുടെ അച്ഛൻ അവളെ നോക്കി ഒരു ചെറു പുഞ്ചിരിയോടെ ചോദിച്ചു:" ഉം... എന്ത് പറ്റി?" അവൾ പറഞ്ഞു:" അച്ഛാ.. ആ സമുദ്രത്തിന്റെ അടുത്ത് തന്നെ ഒരു പാറകെട്ടുണ്ടല്ലോ?" ഉം...ഉണ്ട് അച്ഛൻ പറഞ്ഞു. ""അതിന്റെ ഉൾവശത്ത് എന്തായിരിക്കും"? അവൾ ചോദിച്ചു. പിതാവ് ഉടനെ തന്നെ മറുപടി പറഞ്ഞു:"ഇതു വരെ ആരും തന്നെ അങ്ങോട്ട് പോയതായിട്ട് ഇല്ല.. നിനക്ക് അതിന്റെ ഉൾവശത്ത് എന്താണെന്ന് അറിയാൻ ആഗ്രഹമുണ്ടെങ്കിൽ ഞാൻ പടയാളികളെ ഉടനെ തന്നെ പറഞ്ഞു വിടാം... " ""എനിക്ക് വളരെ ആഗ്രഹമുണ്ട്". അവൾ പുഞ്ചിരിച്ചു കൊണ്ട് പറഞ്ഞു. രാജാവ് അപ്പോൾ തന്നെ പടയാളികളോട് തന്റെ മുമ്പിൽ വരാൻ പറഞ്ഞു. രാജാവിന്റെ ആജ്ഞപോലെ പടയാളികൾ രാജാവിന്റെ മുമ്പിൽ ഹാജരായി. രാജാവ് അവരോട് പറഞ്ഞു:" എന്റെ മകൾ എയ്ഞ്ചലാ രാജകുമാരിക്ക് സമുദ്രത്തിന്റെ അരികിലുള്ള ആ പാറക്കെട്ടിന്റെ ഉൾവശത്ത് എന്താണെന്ന് അറിയാൻ ആഗ്രഹം നിങ്ങൾ പോയി ഉൾവശത്തെന്തെന്നറിഞ്ഞു

വരു ... ഇത് എന്റെ ആജ്ഞയാണ്." രാജാവിന്റെ വാക്കുകൾ അനുസരിച്ച് പടയാളികൾ തയാറായി അവിടേക്ക് പോയി. രാജാവ് തന്റെ മകളെ അടുത്തേക്ക് വിളിച്ച് എന്നിട്ട് അവളോട് പറഞ്ഞു: ""ഇതാ നിന്റെ ആഗ്രഹപ്രകാരം പടയാളികളെ പറഞ്ഞയച്ചിട്ടുണ്ട്. അവർ വന്നു കഴിഞ്ഞാൽ നിന്റെ സംശയത്തിന്റെ ഉത്തരം ലഭ്ക്കും". പടയാളികൾ വരുന്നത് കണ്ട് രാജകുമാരിക്ക് വളരെ സന്തോഷമായി. രാജാവ് ചോദിച്ചു: "ഉം... എന്താ അവിടെ പോയിട്ട് എന്തെങ്കിലും കണ്ടിരുന്നോ..?" വിഷമത്തോടെ പടത്തലവൻ മുന്നോട്ട് വന്ന് പറഞ്ഞു: "അവിടെത്തേക്ക് ക്ഷമിക്കുക, അവിടെ പോയിട്ട് ഒരു വാതിൽ അല്ലാതെ മറ്റൊന്നും കണ്ടില്ല. തിര ആഞ്ഞടിക്കുന്നത് കാരണം ഞങ്ങൾക്കവിടെ അധിക നേരം നിൽക്കാൻ സാധിച്ചില്ല". ഇത് പറഞ്ഞ് പടത്തലവൻ തല താഴ്ത്തി. അവൾക്ക് വളരെ അധികം വിഷമമായി. അവൾ ബാൽക്കണിയിലേക്ക് ഓടി. രാജാവിനും വിഷമമായി. അവളാ പാറക്കെട്ടുകളിലേക്ക് തന്നെ നോക്കി നിന്നു. പെട്ടന്ന് അവിടെ നിന്ന് എന്തോ ഇളകി മറഞ്ഞു. എന്തോ തിളങ്ങുന്നത് പോലെ. അവൾ അങ്ങോട്ട് പോകാൻ തീരുമാനിച്ചു. ആരും കാണാതെ അവൾ കൊട്ടാരത്തിൽ നിന്ന് പുറത്ത് കടന്നു എന്നിട്ട് അവിടേക്ക് പോയി. അവൾ ആ വാതിൽ തുറന്ന് അകത്ത് കടന്നു. അവിളുടെ കണ്ണിൽ വിഷ്വസിക്കാൻ കഴിയാത്ത കാഴ്ച്ച ആയിരുന്നു. തിളങ്ങുന്ന വർണ്ണ വാലും, തിളങ്ങുന്ന കെട്ടഴിച്ച മുടിയും, ഭംഗിയുള്ള ഉടലുമുള്ള മത്സ്യകന്യകയായിരുന്നു അത്. തിളങ്ങുന്ന വാൽ വെള്ളത്തിലേക്കിട്ട് മുടി മുമ്പോട്ടിട്ടിരിക്കുകയായിരുന്നു. അത് അവളോട് ചോദിച്ചു: "നീ ആരാ..?" ഞാൻ രാജകുമാരി എയ്ഞ്ചല. അവളെ കണ്ടതും മത്സ്യകന്യകക്ക് ഒരു ആഗ്രഹം. അത് അവളോട് ചോദിച്ചു: "നിനക്ക് കടലിന്റെ അടിവശം കാണാൻ ആഗ്രഹമുണ്ടോ " അവൾക്ക് സന്തോഷമായി . അവൾ പറഞ്ഞു : "ഉണ്ട്.. പക്ഷേ കടലിന്റെ അടിയിൽ ശ്വാസം കിട്ടില്ല"

മത്സ്യകന്യക അവളുടെ തലയിൽ കൈകൊണ്ട് ഒന്ന് തൊട്ടു. ഇപ്പോ ഇവൾക്ക് കടലിന്റെ അടിയിൽ നീന്താം. മത്സ്യകന്യക അവളേയും കൊണ്ട് കടൽ മുഴുവൻ കാണാൻ പോയി. പെട്ടെന്നു ഒരു മന്ത്രവാദി മുമ്പോട്ട് വന്നു. എന്നിട്ട് മത്സ്യകന്യകയേയും അപ്രതിക്ഷമാക്കിക്കൊണ്ട് പോയി. അവൾ ആ കടലിൽ തനിച്ചായി. അവൾ മത്സ്യകന്യകയെ തിരഞ്ഞു നീന്തി. പെട്ടന്നതാ ഒരു കൊട്ടാരം അവൾ അങ്ങോട്ട് നീന്തി. അവിടെ മത്സ്യകന്യകയെ കെട്ടിയിട്ടിരിക്കുന്നു. അതിനെ രക്ഷിക്കാൻ പോകുമ്പോൾ മന്ത്രവാദി അവളുടെ പുറകെ നീന്തി. അവളെ മന്ത്രവാദി തന്റെ മാന്ത്രികശക്തിക്കൊണ്ട് തടഞ്ഞു. രാജകുമാരി പെട്ടന്ന് ശ്രദ്ധിച്ചു. തന്റെ തലയിൽ ഒരു മാന്ത്രിക വടി. അവൾ അത് വച്ച് മന്ത്രവാദിയിൽ നിന്നും രക്ഷപ്പെട്ടു. കുറച്ച് സമയം കഴിഞ്ഞപ്പോൾ അവൾ പിന്നേയും വന്നു.മന്ത്രവാദി അവളെ കണ്ടതും അവളുടെ അടുത്തേക്ക് നീന്തി. അപ്പോളാണ് രാജകുമാരി കണ്ടത്. മന്ത്രവാദിയുടെ വടിയിൽ ഒരു പൊട്ടൽ. മന്ത്രവാദിയോട് അവൾ പറഞ്ഞു: " നിനക്ക് എന്താ വേണ്ടത് എന്റെ ശക്തിയാണോ?.. നീ എടുത്തോ അത് " മന്ത്രവാദി അത് എടുക്കുമ്പോൾ ""ഠം...'' മന്ത്രവാദിയുടെ മാന്ത്രിക വടി പൊട്ടി തെറിച്ചു. മത്സ്യകന്യകയുടെ കെട്ടഴിഞ്ഞു. മത്സ്യകന്യക അവളെയും കൊട്ടാരത്തിന് പുറത്ത് കടന്നു. പെട്ടെന്ന് കൊട്ടാരം പൊട്ടിതെറിച്ചു. മന്ത്രവാദിയും മന്ത്രവാദിയുടെ ശല്യവും ഇതോടെ ഒഴിഞ്ഞു കിട്ടി. മത്സ്യകന്യക അവളെ തിരിച്ച് കൊട്ടാരത്തിൽ എത്തിച്ചു. എന്നിട്ട് അവളുടെ മാന്ത്രിക ശക്തിയെല്ലാം അവരിലേക്ക് വലിച്ചെടുത്തു. പിന്നീട് യാത്ര പറഞ്ഞ് കൊട്ടാരത്തിലേക്ക് അവൾ മടങ്ങി. പിന്നെ അവളെന്നും മത്സ്യകന്യകയെ നോക്കിയിരിക്കുമായിരുന്നു.

# നന്മയാം

# പ്രകാശം

"കാണൂ നീ നന്മതൻ പ്രകാശം
നോക്കൂ നീ തിന്മതന് കൂരിരുട്ട്
കൺതുറക്കൂ മനുഷ്യാ നീ...........
ഇരുട്ടിൽ തിങ്ങുന്ന തിന്മതൻ കൂട്ടിൽ-
നിന്നും,നന്മയാം തേജസ്സിലേക്ക്
ഇരുൾ വാഴും മനസ്സോ,അതൊരു നരകം.
ഇരുൾ തിങ്ങും മനസ്സതൊരു-
സ്വർഗതത്തിൽ എതിരായ് നരകം
ഇനി കാണൂ നിൻ പ്രകാശവിസ്മയം
ധീരനായും ലോലനായും വീരനാും നീ
പ്രകാശം തിങ്ങുന്നിതൊരു-സാഗരം തന്നെ
അവിടെ നീ കാണും നന്മതൻ പ്രകൃതി
നന്മതൻ വെളിപാടുകൾ.
ഈ കൊടും യാതനകൾക്കന്ത്യമായ് നിൽക്കും
നീയൊരു പുണ്യപുരാനശിൽപിയായ്"

# ഏകാന്തത

ഏകാന്തതയിൽ ഇരുന്ന് ഞാൻ
തലപുകഞ്ഞാലോചിച്ചു
മാതാവിന്റെ സ്നേഹവും പിതാവിന്റെ സ്പർശവും
മറക്കാൻ കഴിയാത്ത കാര്യങ്ങളായ് !

വഴിയരികിലെ ആൽമരച്ചുവട്ടിൽ
കൈനീട്ടി കരയുന്നു ഇന്നു ഞാൻ
ഇരുനേത്രങ്ങളും കാണാൻ കഴിയില്ല
അന്ധനായിട്ടു നിന്നു ഞാൻ.

കൈയ്യിലെ നാണയ തുണ്ടുകൾ
എത്രയെന്നറിയില്ല എന്തെന്നറിയില്ല
തപ്പി തടഞ്ഞു ഞാൻ മുന്നോട്ടു നീങ്ങുന്നു,
തെരുവിന്റെ അരികിൽ നിന്ന് കൈനീട്ടനായ്.
എന്തെന്നറിയില്ല എന്തൊരനുഭവമാം
ദൈവത്തിന്റെ പ്രാർത്ഥനയോടെ നിന്നു ഞാൻ
തെരുവിൻ ചുവട്ടിൽ ഏകാന്ത നിമിഷങ്ങളിൽ
എന്തെന്നറിയാത്ത സ്വപ്നങ്ങളായ്

ദൈവത്തിന്റെ വിധിയാണെന്നോർത്ത്
നല്ലൊരു നാളേയ്ക്ക് വീണ്ടും കാത്തിരിന്നു ഞാൻ....

# എന്റെ സ്വപ്നങ്ങളായ്

ആൽമരച്ചുവട്ടിൽ ഇരുന്നു ഞാൻ
തല പുകഞ്ഞാലോചിച്ചു
ഒന്നിനും ഒരു ഉത്തരം കിട്ടാതെ
വെമ്പുന്നു എൻ കിനാവുകൾ

മനതാരിലെ മിന്നുന്ന താരം പോൽ
തിളങ്ങുന്നു എൻ കിനാവുകൾ
ഇനിയും തിരിച്ചു വരാത്ത
മധുരിക്കും എൻ സ്വപ്നങ്ങളെ

ഇനിയും വരുമോ എന്റെ കിനാവിലെ
ഞാൻ കൊതിച്ചെന്നുടെ സ്വപ്നങ്ങളായ്
നിശയിലെ തിളങ്ങുന്ന നൊമ്പരമായ്
എന്നിലലിയുമോ സ്വപ്നങ്ങളേ

# എന്റെ അമ്മ

താരാട്ടുപാട്ടിന്റെ ഈണം
കേട്ടുഞാൻ ഉണർന്നു.
അമ്മതൻ മടിത്തട്ടിലെ
ചൂടേറ്റു തഴുകിയെന്റെ അമ്മ
ആയിരം ആലിങ്കനം കൊണ്ട്
പുണർന്നെന്റെ അമ്മ
കുഞ്ഞിളം കൈയ്യിലാ
സ്നേഹത്തിൽ കൈകളേൽപ്പിച്ചു
എന്നും പ്രഭാതമിൽ
പൊൻകണിയായ് തൂകുന്നെന്റമ്മ
വാർദ്ധക്യത്തിൻ നിഴലിൽ
അമ്മ പതിയെ വീണുടഞ്ഞുതുടങ്ങി.
ഇന്നെനിക്കാം താരാട്ടുപാട്ട്
കേൾക്കാൻ കഴിയുന്നില്ല
എന്റമ്മ എന്നെ വിട്ടുപോയി...

# വിടരാൻ കൊതിച്ച സ്വപ്നങ്ങൾ

നിലാതാരം നോക്കി ഞാൻ
മൂകനായി നിന്നു
എൻ സ്വപ്നം കേൾക്കാൻ
ആരുമില്ലീ ഭൂമിയിൽ
ഏകനായ് പൂമരച്ചോട്ടിൽ
നിന്നു ഞാൻ ആരും
കേട്ടില്ല... എൻ സ്വപ്നങ്ങൾ

മധുരമായൊന്ന് പുഞ്ചിരിക്കാൻ
കൊതിക്കുന്ന ചുണ്ടുകൾ
തൂകി മൗനം
മൗനമായ് മനതാരിൽ
ചോദിച്ചു ഞാൻ.....

ഇനിയും വരുമോ എൻ
മനതാരിൽ
ഞാൻ കൊതിച്ച എന്റെ
വിടരാൻ കൊതിച്ച സ്വപ്നങ്ങളേ...

# ചങ്ങാതിമാർ

**എന്നുമെന്റെ ഓർമ്മകളിൽ ഇളം**
**തെന്നലിൽ തഴുകുന്ന എൻ**
**മധുനൊമ്പരങ്ങളേ ഇനിയും**
**വരാൻ കൊതിച്ച നൊമ്പരം**
**മാറ്റിനിർത്തിയെൻ കൂട്ടുകാരായ്**

**വിദ്യാലയ മുറ്റത്തിൽ കളിച്ചും**
**ചിരിച്ചും കനവ് പങ്കിട്ടും**
**കൂട്ടിനായ് നിന്ന ചങ്ങാതിമാരെ**

**കണ്ണിൽ നിന്നും കണ്ണുനീർ**
**വീഴാനനുവദിക്കാത്തയെൻ കൂട്ടു-**
**കാരെ ഒഴിവു ദിനങ്ങളിൽ**
**നിങ്ങളെ ഓർമ്മകൾ തഴുകുന്നു**
**എൻ കൂടപിറപ്പായ ചങ്ങാതിമാരെ...**

# എന്റെ വിദ്യാലയം

അറിവിന്റെയാദ്യാക്ഷരം നുകർന്നു തരു-
ന്നൊരെൻ വിദ്യാലയമാണെന്റെ മാതാവ്
കളിച്ചും ചിരിച്ചും ഇണങ്ങിയും പിണങ്ങിയും
അറിവു നേടിയെൻ കൊച്ചു വിദ്യാലയം
പൂവുണ്ട് ശലഭമുണ്ട് തേൻ വണ്ടുണ്ടെൻ
വിദ്യാലയത്തിന് മോടി കൂട്ടാൻ
കൂട്ടുകാരുണ്ട് സ്നേഹം തരുന്നൊരു
ഹൃദയത്തിൽ ചേർത്തൊരാ കൂട്ടുകെട്ട്
പ്രകൃതിയാമമ്മ കനിഞ്ഞു തന്നോരു
കുന്നിൻ മുകളിലാണെന്റെ വിദ്യാലയം
ഇന്നും ആ ഇളം തെന്നലിൽ
ഞാനോർക്കുന്നെൻ വിദ്യാലയം...

# സുഖത്തിന്റെ

# വഴി തുറക്കാം

"നമിക്കിലുയരാം

നടുകിൽ തിന്നാം

നൽകുകിൽ നേടിടാം

നമുക്കു നാമേ

പണിവതു നാകം

നരകവുമതു പോലെ"

ഈ കവിതാവരികളുടെ ആശയം കൂട്ടുകാർക്ക് മനസ്സിലായോ?

ഒന്നുകൂടി ചൊല്ലി നോക്കൂ,ഇത്തിരി സാവകാശത്തോടെ ചൊല്ലിയാൽ ആർക്കും മനസ്സിലാക്കാവുന്നതേയുള്ളു ഈ വരികൾ.

നമിക്കിലുയരാം:നിങ്ങൾ വിനയം കാണിക്കാൻ തയാറാണോ,എങ്കിൽ ഉയർന്നുയർന്ന് പോവാം ഞാൻ വലിയ ആളാണെന്നു നടിച്ചുനടക്കുന്നവരെ ആർക്കും ഇഷ്ടമുണ്ടാവില്ല. അവസരം കിട്ടുമ്പോഴൊക്കെ അത്തരക്കാരെ കുറ്റപ്പെടുത്താനാണ് എല്ലാവരും ശ്രമിക്കുക.അവരെ സഹായിക്കാനോ അവരോടു സഹകരിക്കാനോആർക്കും താൽപര്യമുണ്ടാവില്ല. വിനയമില്ലാത്തവർ അധികാരസ്ഥാനങ്ങളില്ലെത്തിയാൽ

മനസ്സറിഞ്ഞു കൊണ്ട് ആരും അവരോടു സഹകരിക്കില്ല.അങ്ങനെയവർ പരാജയപ്പെടാനാണു സാധ്യത.

അറിവു കൂടുന്തോറും വിനയവും കൂടണം.

നിറയെകായ്കനികളുള്ള മരം തലക്കുനിക്കുന്നത് വിനയം കൊണ്ടാണെന്നാണു കവികളുടെ ഭാവന. ലോകത്തിൽ ഉയരങ്ങളിലെത്തിയ മഹാന്മാരെല്ലാം അങ്ങേയറ്റം വിനയമുള്ളവരായിരുന്നു. മുത്തുനബിയുടെ സ്വഭാവത്തെ കുറിച്ചു നിങ്ങൾ പഠിച്ചിട്ടുണ്ടല്ലോ. എല്ലാവരോടും നബി വിനയത്തോടെ പുഞ്ചിരിച്ചിരുന്നു. ആരുടെ മുമ്പിലും ഗമനടിച്ചിരുന്നില്ല. വീട്ടിലായാലും നാട്ടിലായാലും യാത്രയിലായാലും യുദ്ധക്കളത്തിലായാലും നബികൂടെയുള്ളവരെപ്പോലെ എല്ലാകാര്യങ്ങളും ചെയ്തിരുന്നു.അവരെക്കാൾ എത്രയോ മേന്മയുള്ളവരായിരുന്നെങ്കിലും അത് വാക്കിലോ പ്രവൃത്തിയിലോ ഒരിക്കലും കാണിച്ചരുന്നില്ല. താൻ വരുമ്പോൾ മറ്റുള്ളവർ ബഹുമാനത്തോടെ എഴുന്നേൽക്കുന്നത് പോലും മുത്തുനബിക്കിഷ്ടമായിരുന്നില്ല.എന്നിട്ടും ഒരു മേന്മയുമില്ലാത്ത നമ്മിൽ ഹമ്പട ഞാനേ എന്ന് അഹങ്കരിക്കുന്നത് വിഡ്ഡിത്തമല്ലെ !

നടുകിൽ തിന്നാം എന്നു പറഞ്ഞാൽ അധ്വാനിച്ചാലേ സുഖമായി ജീവിക്കാനാവുമെന്നർത്ഥം. കുട്ടികളായ ഞങ്ങൾക്കെന്തധ്വാനം എന്നു നിങ്ങൾ ചോദിച്ചേക്കും. അണ്ണാരക്കണനും തന്നാലായത് എന്നു കേട്ടിട്ടില്ലെ

കുഞ്ഞാണെങ്കിലും നിങ്ങൾക്കുമുണ്ട്
പലതും ചെയ്യാൻ നിങ്ങളുടെ മാതാപിതാക്കൾ ജീവിതം കഴിച്ചു
കൂട്ടാൻപലനിലക്കും അധ്വാനിക്കുന്നത് കണ്ടിട്ടില്ലെ? അവരെ എന്തെങ്കിലും നിലയ്ക്ക് സഹായിക്കാൻ നിങ്ങൾ ശ്രമിച്ചിട്ടുണ്ടോ? ഉമ്മയുണ്ട് അടുക്കളയിൽ കഷ്ടപ്പെടുന്നു അലക്കാനുണ്ട്, കുഞ്ഞുങ്ങളെ നോക്കാനുണ്ട്,
മറ്റ പണികൾ പലതുമുണ്ട്. നിങ്ങൾക്കും അതിലൊക്കെ പങ്കെടുത്ത് ഉമ്മയെ സഹായിക്കാമല്ലൊ പാത്രം കഴുകികൊടുത്തും
അനിയനേയോ അനിയത്തിയേയൊ കൂടെ കൂട്ടിയും മറ്റും............!

വീടിനുചുറ്റും നിങ്ങൾക്കുമുണ്ടാക്കമല്ലൊ ഒരു പച്ചക്കറിത്തോട്ടമോ മറ്റോ. കടയിൽ പോയി സാധനങ്ങൾ വാങ്ങിക്കൊടുക്കാമല്ലോ............
ഇങ്ങനെയെന്തല്ലാം. അധ്വനിച്ച് ശീലിക്കണം. എന്നാലെ വലുതാവുമ്പോൾ അധ്വാനിക്കാൻ കഴിയൂ. മടിച്ചിരുന്നാൽ എന്നും മടിയരാകും.
ജീവിതത്തിൽ വിജയിക്കാനാവില്ല.

നൽകുകിൽ നേടിടാം:

കൊടുത്താലെ വാങ്ങാനുണ്ടാവൂ. എന്നും എനിക്ക് എല്ലാരും തന്നു കൊണ്ടിരിക്കണമെന്നുവിചാരിച്ചിരുന്നാൽ നിങ്ങൾ കുഴഞ്ഞതു തന്നെ! അങ്ങോട്ടൊന്നും കൊടുക്കാതെ എന്നും തരാൻ ആർക്കാണു താൽപര്യമുണ്ടാവുക! 'പത്തായം പെറും,ചക്കി കുത്തും,ഉണ്ണി ഉണ്ണും' എന്നു നിനച്ചിരുന്നാൽ ഇനിയുള്ള കാലത്ത് നിനച്ചിരുന്നാൽ ഇനിയുള്ള കാലത്ത് പട്ടിണികിടക്കുകയേ നിർവഹമുണ്ടാവൂ.
പണം മാത്രമല്ല കൊടുക്കാന്നുള്ളത് , നല്ല വാക്ക്

പറയുന്നത് ധർമ്മമാണ്. ഒന്നു പുഞ്ചിരിക്കുന്നത് ധർമവും വിനയവുമാണ്. നടക്കാൻ പ്രയാസപ്പെടുന്നവരുടെ കൈപിടിച്ചുസഹായിക്കന്നത് പോലെ മറ്റുള്ളവർക്കെന്തെങ്കിലും കൊടുക്കുന്ന വകുപ്പിൽ പെട്ടതാണ്.കൂട്ടുകാർക്ക് അറിയാത്ത കാര്യങ്ങൾ പറഞ്ഞ് കൊടുക്കുന്നത്, ഇത്തിരി വെള്ളം കുടിക്കാൻ കൊടുക്കുന്നത്, പേനയും പെൻസിലും കടലാസും കൊടുത്ത് സഹായിക്കുന്നത്..........എല്ലാം കൊടുത്താലൊടുക്കൽ തന്നെയാണ്. കൊടുത്താലോ,എവിടെ നിന്നെങ്കിലും തിരിച്ചുകിട്ടാതിരിക്കല്ല.

ഇങ്ങനെ വിനയം കാണിച്ച് , കഴിവിന്റെ പരമാവധി അധ്വാനിച്ച്,കഴിയുന്നത്ര സഹായങ്ങൾ മറ്റുള്ളവർക്ക് ചെയ്തുകൊടുത്ത് മറ്റുള്ളവരോടു സഹകരിച്ച് ജീവിച്ചാൽ ഭാവി ജീവിതം സുഖകരമാകും. നാം സഹായിച്ചാൽ നമ്മെ സഹായിക്കാനും ആളുണ്ടാവും. നമ്മുടെ സ്വർഗ്ഗം പണിയുന്നത് നമ്മൾ തന്നെയാണെന്ന് കവി പറയുന്നു.


ഇതൊന്നും ചെയ്യാതെ മറ്റുള്ളവരെ ദ്രോഹിച്ചും ഒരു സഹായവും ചെയ്യാതെ സ്വന്തം കാര്യം മാത്രം നോക്കി ജീവിച്ചാലോ,ഭാവി ജീവിതം പ്രയാസകരമാകും. നമുക്ക് നമ്മെ പണിവതു നാകം,നരകവുമതുപോലെ. നമുക്ക് സ്വർഗ്ഗം പണിയുന്നതും നരകം പണിയുന്നതും നമ്മൾ തന്നെ എന്നർത്ഥം.

# മിടുക്കൻ

"മഹാ കുസൃതി കുട്ടനായിരുന്നു മനു"ഒന്നാം ക്ലാസിലാണ് പഠിക്കുന്നത്. വയസ്സ് അഞ്ചാണെങ്കിലും വലിയ വർത്തമാനാണ്. പക്ഷെ പഠിക്കാൻ മിടുക്കനാണ്.

ഒരു ദിവസം ക്ലാസിൽ അവനിരിക്കുമ്പോൾ അടുത്തിരിക്കുന്ന കുട്ടി അവനോട് ഒരു പെൻസിൽ ചോദിച്ചു. ഈ പെൻസിൽ ഞാൻ തരില്ല ഇത് എന്റെ അച്ഛൻ ഗൾഫിൽ നിന്ന് കൊണ്ട് വന്നതാണെന്ന് മനു പറഞ്ഞു.പെൻസിൽ കിട്ടാത്തത് കാരണം മനുവിന്റെ പെൻസിലെടുത്ത് അവൻ പുറത്തേക്ക് എറിഞ്ഞു.മനു നിധി പോലെ കൊണ്ട് നടന്ന പെൻസിലായിരുന്നു അത്. അപ്പോൾ മനുവിന് ദേഷ്യം വന്ന് കൂട്ടുക്കാരെന്റെ മുഖത്തടിച്ചു. വേദനയായി അവൻ കരഞ്ഞു.ടീച്ചർ അവൻ കരയുന്നത് കണ്ട് കാര്യം ചോദിച്ചു. എന്തിനാണ് പെൻസിൽ ചോദിച്ചതിന് അവനെ തല്ലിയത്.
അവൻ പെൻസിൽ പുറത്തേക്ക് എറിഞ്ഞിട്ടാണ്.
ടീച്ചർ അവർ രണ്ടു പേരെയും വിളിച്ച് ഓരോ അടി കൊടുത്തു. അവരെ സ്ഥാനം മാറ്റി.

അപ്പോൾമനുവിന് ദേഷ്യം ഇരട്ടിച്ചു. അവൻ ദേഷ്യം ടീച്ചറോട് പറഞ്ഞു.ഞാൻ എന്റെ വിളിച്ച് കൊണ്ടുവരും. അപ്പൊൾ ടീച്ചർ അവനോട് പറഞ്ഞു ഞാൻ ഇനിയും തല്ലുമെന്ന്. മനു ടീച്ചറോട് ചോദിച്ചു ടീച്ചർ പത്രം വായിക്കാറില്ലേ.. ഇന്ന് സമയം കിട്ടിയില്ല  എന്തേ? ഇന്നത്തെ പത്രത്തിൽ ഉണ്ട് ജോലിയും പോവും ജയിലിലും കേറണം എന്ന് മനു ടീച്ചറോട് പറഞ്ഞു.
"ടീച്ചർ അമ്പരന്ന് പോയി...."



# MY DOG

This is a dog
The dog's colour white
The dog's eat meat and fishes
The dog's name is arjun and he is cute
It is lovely dog and I will take care my pet

# എന്റെ നാട്

വിശാലമായൊരുയെൻ നാട്
പാലാറൊഴുകുമെൻ നാട്
പുൽകൾ, പൂക്കൾ, മല നിരകൾ
സന്തോഷത്താൽ വരവേൽക്കും
ആമ്പൽ പൂക്കൾ വിരിഞ്ഞല്ലോ,
നാട്ടിൽ സുഗന്ധം പടർന്നല്ലോ,
പ്രഭാതമായി പക്ഷികൾ വന്നു
കളകളനാദം തുടർന്നല്ലോ
സന്തോഷത്തിൻ ചിറകുകളായി
ആടാം പാടാം നമുക്ക്
നാട്ടിലെ കാഴ്ചകൾ പലതരമാം
എന്തൊരു ഭംഗി എന്തു നിറം-
ഏഴു വർണ്ണങ്ങൾതൻ
മഴവില്ലു വിരിയുന്നത് പോലെ
ആടാം പാടാം നമുക്ക്
ആടി പാടി രസിക്കാലോ
നാട്ടിലെ ഓരോ പൂവായി............

# ചക്കര മാമ്പഴം

മാമ്പഴക്കൊമ്പിൽ
ചാടിക്കളിക്കും
തൊണ്ണൂറുവാലാഅണ്ണാനേ
ചോട്ടിലിരിക്കും അപ്പുവിനിന്നൊരു
ചക്കരമാമ്പഴം തായോന്നീ.
ചില്ലകൾ തോറും പാറിയിരിക്കും
കാവതി കാക്കേ ചങ്ങാതീ
ചോട്ടിലിരിക്കും അമ്മുവിനായൊരു
ചക്കര മാമ്പഴം തായോന്നീ.
മാവിൻ ചില്ലയിൽ താളം പിടിക്കും കാറ്റേ......
തണുത്ത കാറ്റേ താഴേക്കിറങ്ങി
മാവിൻചുവട്ടിലേക്ക്
കാറ്റ് വാരി അവരെ വാരി എടുത്തു
മേലേക്ക് പറന്നു.
മാമ്പഴക്കുലകളുടെ അടുത്തേക്ക്
കാറ്റ് അവരെ മൂവാണ്ടൻ മാവിന്റെ
കൊമ്പിലിരുത്തി........

# പൊളിഞ്ഞ തേൻ സൂത്രം

നല്ലവനായ കരടിചേട്ടന്റെ വീട്ടിൽ ധാരാളം തേൻ ശേഖരിച്ചു വെക്കലുണ്ടായിരുന്നു. അങ്ങനെ ഒരു ദിവസം കരടിചേട്ടൻ തേൻ പാത്രം അലമാരയിൽ വെക്കുന്നത് മിട്ടു എന്ന കുറുക്കത്തി കണ്ടു. മിട്ടു കുറുക്കത്തിക്ക് തേൻ കിട്ടാൻ കരടിചേട്ടനോട് ഒരു കള്ളം പറഞ്ഞു. തന്റെ വീട് കാറ്റത്ത് മറഞ്ഞു വീണു എന്ന്. അവൾക്ക് താമസിക്കാൻ സ്ഥലം ചോദിച്ചു. കരടിചേട്ടൻ അവളെ കരട് ചേട്ടന്റെ വീട്ടിൽ താമസിച്ചു. അന്ന് രാത്രി മിട്ടുകുറുക്കത്തി തറയിൽ വാലിട്ടടിച്ചു. ആരാ എന്ന് കരടിചേട്ടൻ ചോദിച്ചപ്പോൾ മിട്ടു കള്ളം പറഞ്ഞു അത് അടുത്ത വീട്ടിലെ മുയലച്ഛനാമണെന്ന്. മുയലച്ഛൻ കുറച്ച് വെള്ളം ചോദിച്ചതാണെന്നും പറഞ്ഞു. മിട്ടു വേഗം അടുക്കളയിൽ എത്തി. എന്നിട്ട് തേൻ പാത്രം എടുത്ത് വയറു നിറയെ തേൻ കുടിച്ചു. മടങ്ങിയെത്തിയപ്പോൾ മിട്ടു കരടിചേട്ടനോട് മുയലച്ഛന് സന്തോഷമായി എന്നൊക്കെ തട്ടിവിട്ടു. പിറ്റേന്നും രാത്രി മിട്ടു വാലു കൊണ്ട് തറയിൽ ശബ്ദമുണ്ടാക്കി. ആരാണെന്ന് ചോദിച്ചപ്പോൾ അന്നും മുയലച്ഛനാണെന്ന് പറഞ്ഞു. കരടിച്ചേട്ടൻ മിട്ടു പറഞ്ഞത് വിശ്വസിച്ചില്ല.കരടിചേട്ടൻ മിട്ടുവിന്റെ പിന്നാലെ ചെന്ന് നോക്കിയപ്പോൾ മിട്ടു തേൻ കുടിക്കുന്നത് കണ്ടു. കരടി ചേട്ടൻ മിട്ടുവിനെ ആ വീട്ടിൽ നിന്നും അടിച്ച് പറത്താക്കി.

ഇതാണ് പറയുന്നത് മറ്റുള്ളവരുടെ സാധനങ്ങൾ മോഷ്ടിക്കരുതെന്ന്.......

# ഭൂമിയുടെ നാശം

നേരം വൈകി. കുട്ടൻ സ്കൂളിലേക്ക് ഓടി, ക്ലാസിലേക്ക് എത്തിനോക്കിയപ്പോൾ കുറെ കുട്ടികൾ തിങ്ങി നിറഞ്ഞിരിക്കുന്നു. എന്തോ വലിയ ചർച്ചയാണ് ക്ലാസിൽ, ഭാഗ്യം! ആരുമറിയാതെ കുട്ടൻ തന്റെ സീറ്റിലേക്ക് വലിഞ്ഞു കയറി. പ്രസംഗത്തിന് ആർക്കൊക്കെയാണ് താൽപര്യം ഹെഡ്ടീച്ചർ ചോദിച്ചു. ആരും നിന്നില്ല. ക്ലാസ് ടീച്ചർ തന്നെ നോക്കുന്നത് കണ്ട് കുട്ടൻ കുനിഞ്ഞിരുന്നു, ടീച്ചർ ചോദിച്ചു: "കുട്ടന് നന്നായി പ്രസംഗം പറയാൻ അറിയല്ലോ കഴിഞ്ഞ കൊല്ലം കുട്ടനായിരുന്നില്ലെ പ്രസംഗത്തിൽ ഫസ്റ്റ്, പിന്നെന്താ കുട്ടാ നീ എഴുന്നേറ്റ് നിൽക്കാഞ്ഞത് ". ടീച്ചർ ശാസിച്ചു. കുട്ടന്റെ പേര് എഴുതി ചേർക്കുകയും ചെയ്തു. ഉച്ച കഴിഞ്ഞ് ടീച്ചർ കുട്ടന്റെ കയ്യിൽ

രണ്ട് വലിയ കഷ്ണം പേപ്പർ കൊടുത്തു എന്നിട്ടു പറഞ്ഞു "കുട്ടാ....... ഇത് മറ്റന്നാൾ കലോത്സവത്തിന് വേണ്ടിയുള്ള പ്രസംഗമാണ് നീ പഠിക്കണം."കുട്ടന് സങ്കടമായ് മറ്റന്നാളെങ്കിലും

സുഖമായി കിടന്നുറങ്ങാം എന്ന് വിചാരിച്ചിരുന്നതായിരുന്നു അവൻ. ടീച്ചർ കാരണം അത് തകർന്നു. സ്കൂളിൽ നിന്ന് വരുന്ന വഴി കുട്ടൻ ടീച്ചർ തന്ന പ്രസംഗം എടുത്തു വായിച്ചു നോക്കി.

# ആരു ജയിക്കും

വർണ്ണ പകിട്ടാർന്ന ഭൂമിയുടെ സൗന്ദര്യം ഭൂമിയിലുള്ള ജീവജാലങ്ങളും ചെടികളുമാണ്. ഈ പരിസ്ഥിതിയെ നാം നശിപ്പിക്കുകയാണ്. അതിന് ആദ്യ കാരണം പ്ലാസ്റ്റിക്കാണ്.
ഇവൻ മണ്ണിലലിയാൻ അനേകം വർഷം വേണം ഇതെങ്കിലും നാം
ആലോചിക്കുന്നുണ്ടോയ? മനുഷ്യൻ ഇവന്റെ ഉപയോഗം മാത്രമാണ് ഓർക്കുന്നത്. ഇവന്റെ കൈയിൽ പെട്ടാലുള്ള നാശങ്ങൾ
എന്തൊക്കെയാണെന്നൊ, ഇവനെ മണ്ണിൽ ഇടുകയാണെങ്കിൽ മഴ വെള്ളം മണ്ണിലിറങ്ങാതെ വരൾച്ച ഈ നാടിനെ പിടിക്കൂടും. ഇനി കത്തിക്കാനാണ് ശ്രമമെങ്കിൽ ഡയോക്കസിൻ പുറത്തിറങ്ങി ഭൂമിയിലെ ഓസോൺ പാളികളിൽ വിള്ളലുണ്ടാക്കി ഭൂമിയെ നശിപ്പിക്കും. ഇവൻ നശിപ്പിക്കുന്ന പ്രധാനങ്ങളിൽ ഒന്നാണ് വംശനാശം. നിങ്ങൾക്ക് ഡോഡോയെ പരിചയമുണ്ടോ? കേട്ടിട്ടുണ്ടാവുമല്ലോ, ഈ ലോകത്തോട് നിന്ന് വിട പറഞ്ഞ പക്ഷിയാണത്. ഇതിന് മൊത്തമായല്ലെങ്കിലും പകുതി കാരണം പ്ലാസ്റ്റിക്കാണ്, കൂടാതെ വരൾച്ചയുണ്ടായാൽ പുഴകൾ തോടുകൾ അങ്ങനെയെല്ലാം മറ്റു ജീവജാലങ്ങളായ മീൻ ചത്തൊടുങ്ങും,
പമരം ഉണങ്ങിപ്പോവും, അപ്പോൾ മരത്തിൽ

താമസിക്കുന്നവരുടെ കാര്യമോ...... പ്ലാസ്റ്റിക്കിന്റെ ഉപയോഗം കൊണ്ട് നമ്മടെ ഈ ഭൂമിയുടെ ഭംഗി നഷ്ടപ്പെടുന്നു. പലയിടത്തും ഈ വീരനെ നിരോധിച്ചു, എങ്കിലും ഇവൻ ഇപ്പോഴും പറന്നു നടക്കുകയാണ്.

നാമെല്ലാം പ്ലാസ്റ്റിക്കിന് അടിമയായ് തീർന്നിരിക്കുന്നു. എന്നാൽ ഇവനെ കൊണ്ട്ഗ നമുക്ക് പല പല രോഗങ്ങളും ഉണ്ടാക്കുന്നത് എങ്ങനെയെന്നൊ.......... ഇവനെ കത്തിക്കുമ്പോൾ വരുന്ന പുക ശ്വസിക്കുന്നത് കാരണം, അത് ശ്വസിച്ചാൽ കാൻസർ ശ്വാസം മുട്ടൽ എന്നിവ വന്നേക്കാം നമ്മൾ വിചാരിച്ചാൽ നമുക്ക് ഇതിന്റെ ഉപയോഗം കുറയ്ക്കാം.

നമ്മൾ ഉപയോഗിക്കുന്ന പ്ലാസ്റ്റിക്ക് പുനരുപയോഗം ചെയ്ത് ഇതിന്റെ എണ്ണം കുറയ്ക്കാം അല്ലെങ്കിൽ പ്ലാസ്റ്റിക്കിന് പകരം തുണിസഞ്ചിയോ പേപ്പർ ബാഗോ ഉപയോഗിക്കാം.


ഇതാണ് പ്രസംഗം,കുട്ടൻ വീട്ടിൽ പോയി തന്റെ ചുറ്റും നോക്കിയപ്പോൾ ഇതിൽ പറഞ്ഞത് ശരിയാണെന്ന് കുട്ടനും തോന്നി. പക്ഷേ താനിത് ഒരു ദിവസം കൊണ്ട് പഠിക്കന്നത് എങ്ങനെ അവൻ അമ്മയുടെ അടുത്തേക്കോടി. അമ്മേ.... അമ്മക്ക് ഡോഡോയെ അറിയാമോ അവൻ ചോദിച്ചു, ഇല്ല അതെന്താ

സാധനം കുട്ടാ...... അതെ.... ഒരു കിളിയാണ്, ടീച്ചർ എനിക്ക് തന്ന

പ്രസംഗത്തിൽ ഉള്ളതാ..... പക്ഷെ രണ്ടരപേജുണ്ട് ആ

പ്രസംഗം.
ഞാനതങ്ങനെ ഒരു ദിവസം പഠിക്കും?............ """നീയതിങ്ങു താ.........
ഞാൻ വായിച്ച് നോക്കട്ടെ". വായിച്ചതിനു ശേഷം അമ്മ പറഞ്ഞു:
"ഇത് എളുപ്പമല്ലെ നീയേ ഇതൊന്ന് അഞ്ച് തവണ ഉറക്കെ വായിച്ച് നോക്കിയേ...എന്നിട്ട് നാട്ടിൽ ഇപ്പോൾ നടക്കുന്ന കാര്യങ്ങളും നമ്മുടെ ചുറ്റുപാടും കാണുന്ന പ്ലാസ്റ്റിക്കുകളും മനസ്സിൽ ഓർത്ത്
നോക്ക് എന്നിട്ട് കിട്ടുന്നത് മറ്റന്നാൾ സ്റ്റേജിൽ പറഞ്ഞോ ഇതിന് ഓഡറൊന്നും വേണ്ട. അവൻ ധൈര്യം കൈവിട്ടില്ല, സ്റ്റേജിൽ നന്നായി പ്രസംഗിച്ച്, ഒന്നാം സ്ഥാനം നേടുകയും ചെയ്തു. അന്ന് അവന് ഏറ്റവും സന്തോഷമുള്ള ദിവസമാണ് അവന്റെ ഡയറിയിൽ അവൻ ഇങ്ങനെ എഴുതി..........

"ഇനി ഞാൻ ഒരിക്കലും പ്രകൃതിയെ നോവിക്കില്ല, ആരെങ്കിലും അങ്ങനെ ചെയ്യുന്നത് കണ്ടാൽ അതിന് അനുവദിക്കില്ല".



# സ്നേഹമുള്ള പൂമൊട്ടുകൾ

പാവപ്പെട്ട കുടുംബത്തിലെ സൂസി എന്ന പെൺക്കുട്ടി. അവളുടെ രോഗാവസഥയിലായ അമ്മയുടെയും അനിയന്റെയും ഒപ്പം ഒരു ഓലമേഞ്ഞ കുടിലിൽ താമസിക്കുകയായിരുന്നു. അവൾക്ക് അമ്മയെയും അനിയനേയും നോക്കണമായിരുന്നു. അവളാണെങ്കിലൊ കീറിപഴകിയ വസ്ത്രം ധരിച്ച്, വീട്ടിലെ ജോലിയുമെടുത്ത് ജീവിക്കണമായിരുന്നു. അങ്ങനെ ഒരു ദിവസം അവളുടെ അമ്മയ്ക്ക് അസുഖം കൂടുതലായപ്പോൾ അവൾ മരുന്ന് തേടി കാട്ടിൽ പോയിരിക്കുകയായിരുന്നു. അവൾ കുറേത അന്വേഷിച്ചു. പക്ഷെ ഒരിടത്തും മരുന്ന് കണ്ടില്ല. അവൾ വളരെ ക്ഷീണിതയായി. അപ്പോൾ അവൾ അവിടെ പുഴക്കരയിൽ ഇരുന്ന് തന്റെ വിഷമങ്ങൾ പറയുകയായിരുന്നു. അപ്പോഴതാ പുഴയിൽ ഒരു വെളിച്ചം. മോളെ കുഞ്ഞേ കരയല്ലെ എന്ന ശബ്ദവുമുയർന്നു. അപ്പോൾ അവൾ തല ഉയർത്തിനോക്കി. അപ്പോൾ അവിടെ ഒരു മാലാഖ പ്രത്യക്ഷപ്പെട്ടു. അവർ ചോദിച്ചു. നിന്റെ വിഷമം എന്താണ് കുഞ്ഞെ? അവൾ പറഞ്ഞു കൊടുത്തു. അപ്പോൾ മാലാഖ പുഞ്ചിരിച്ച് കൊണ്ട് പറഞ്ഞു. പുഴ കടന്ന് അക്കരെ ഒരു സന്യാസി ഇരുപ്പുണ്ട്. അവരോട് ചോദിച്ചാൽ നിന്റെ അമ്മയ്ക്ക് അസുഖത്തിനുള്ള മരുന്ന് ലഭിക്കും. അവൾ ഇത് കേട്ട് സന്തോഷവതിയായി. നന്ദി പറയാനെഴുനേറ്റപ്പഴേക്കും മാലാഖയെ കാണാന്നില്ല.അവൾ നാലു പാടും തിരിഞ്ഞ് നോക്കി. മാലാഖ പറഞ്ഞത് പോലെ അവൾ പുഴകടന്ന്

സന്യാസിയുടെ അടുത്തെത്തി. അവൾ സന്യാസിയോട് അമ്മ പറഞ്ഞ മരുന്ന് ആവശ്യപ്പെട്ടു. മരുന്നിന് കൊടുക്കാൻ സന്യാസി പറഞ്ഞത്ര പണമില്ലായിരുന്നു. പണം കൊണ്ട് ഉടനെ ഞാൻ വരാമെന്ന് പറഞ്ഞു അവൾ തിരിച്ച് പോയി. അമ്മയുടെ മരുന്നിന്ന് വേണ്ടി അവൾ ജോലി അന്വേഷിച്ച് നടന്ന് ഒടുക്കൽ അവൾ ഒരു ഗ്രാമത്തിലെത്തി. മകളെ കാണാതെ അമ്മയും അനുജത്തിയും പുലർച്ചവരെ കാത്തിരുന്നു. അവൻ പറഞ്ഞു ചേച്ചിയേയും കൂട്ടി തിരിച്ച് വരാമെന്ന് അമ്മയോട് പറഞ്ഞു അവൻ യാത്രയായി. അവൻ കാണുന്ന കടയിൽ എല്ലാം ചോദിച്ചു. അവർ ഇല്ല എന്ന് പറഞ്ഞു. അവൻ നിരാശയായി മുന്നോട്ട് നടന്നു. അവൻ അവനോട് തന്നെ പറഞ്ഞു തന്റെ ചേച്ചിയെ കണ്ടു പിടിച്ച് അമ്മയുടെ എടുത്തെത്തിക്കുമെന്ന്. അവൻ മുന്നോട്ട് നടന്ന് നടന്ന് രണ്ട് ദിവസം കഴിഞ്ഞു. പിന്നെ ഒരിടത്ത് ചന്ത കണ്ടപ്പോൾ അവന്റെ മനസ്സ് പറഞ്ഞു ഇവിടെ ചേച്ചിയുണ്ടെന്ന്.അവൻ തളരാതെ വീണ്ടും നടന്നു.വിശപ്പ് ശമിക്കാനായിഅവന് അടുത്തുള്ള കുളത്തിൽ നിന്ന് വെള്ളം കുടിച്ചു.സമയം രാത്രിയായിരുന്നു. അവൻ വഴിയിൽ കണ്ട കടയിൽ കിടന്നുറങ്ങി. നേരം പുലർന്നപ്പോൾ, അവനെ കണ്ട കടക്കാരൻ അവന് ചായ കൊടുത്തു. അവൻ നടന്നു നീങ്ങി.

കുറേ ദിവസങ്ങൾക്ക് ശേഷം, ഒരു മര ചുവട്ടിൽ ഒരു മുത്തശ്ശിയെ കണ്ടു. അവൻ അവരുടെ അടുത്തേക്ക് നടന്നു.

മുത്തശ്ശി ചോദിച്ചു.എന്താ കുഞ്ഞെ നിന്റെ സങ്കടം?...

നീ വിഷമിക്കേണ്ട ആ കാണുന്നവരമ്പിലൂടെ നടന്നാൽ,

ഒരു വയൽ വരമ്പ് കാണാം അതിലൂടെ നടന്നാൽ ഒരു പട്ടണം

കാണാം അവിടെയുണ്ടാവും നിന്റെ ചേച്ചി.അവൻ നടന്ന് ആ പട്ടണത്തിലെത്തി. അങ്ങനെ അവൻ ചേച്ചിയെ അന്വഷിച്ച് തളർന്ന് ഒരു വീട്ടിലെത്തി. അവിടെ ഒരു സ്ത്രീ ഒരു പെൺക്കുട്ടിയെ ശഖാരിച്ച് പണിയെടുപ്പിക്കുന്നണ്ടായിരുന്നു. അത് അവന്റെ ചേച്ചിയാണെന്ന് അവന് മനസ്സിലായി.അവന് ചേച്ചിയെ കെട്ടിപിടിച്ച് കരഞ്ഞു. അവൾ പറഞ്ഞു അത് എന്റെ അനിയാണ്. അവർ നടന്നതെല്ലാം പറഞ്ഞു. അവരുടെ മനസ്സലിഞ്ഞ് അവർക്ക് നിറയെ പണം കൊടുത്ത് പറഞ്ഞയച്ചു.സന്യാസിയുടെ അടുത്ത് നിന്ന് മരുന്ന് വാങ്ങി അമ്മേ എന്ന് വിളിച്ച് ഓടിയപ്പോൾ അവിടെ അമ്മയുണ്ടായിരുന്നില്ല. അവരുടെ അമ്മ ഈ ലോകത്ത് നിന്ന് വിട പറഞ്ഞു. ഇത് കേട്ട രണ്ട് പേരും തളർന്ന് വീണു.....

# THE WORDS FROM MY HEART

I have many dreams
A million of dreams,
Which keep me awake.
Everything seem out of reach.
I don't know where I have to start,
No idea of what to do.
I feel my life as a leafless tree.
I was behind my race.
I couldn't recognise my own identity.
I tried to do something new,
But I couldn't.
All the time I smile
But inside I sigh.

But my school stand as a temple,
A place to express my self
A place which recognise my identity.
A place which embrace my dream
I compete to be the best,
Enthusiastically celebrating all the fest !


My life completely filled with race,
It's my happiest phase !
The sky is high,
But I walk wide !
And I sow all
the seed of greatness
My school is simple
But to me it's a temple !







little KITEs
ലിറ്റിൽ കൈറ്റ്സ്
ഐ.ടി.ക്ലബ്ബ്
നമ്പർ: LK/2018/17074
എ.കെ.കെ.ആർ ഗേൾസ്
ഹയർസെക്കന്ററി സ്കൂൾ
ചേളന്നൂർ, കോഴിക്കോട്
0495 2260222




little
KITEs



little KITEs